ബി.പി.എൽ. ലിസ്റ്റ്

161(453) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറായിക്കഴിഞ്ഞോ എന്ന് അറിയിക്കുമോ:

(ബി) ഈ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ:

(സി) സംസ്ഥാനത്ത് ആകെ എത്ര ബി.പി.എൽ. കുടുംബങ്ങളാണുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ബി.പി.എൽ. കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ബി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. അതിൽ തീരുമാനമാകുന്നമുറയ്ക്ക് ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദ്ണ്ഡങ്ങൾ തീരുമാനിക്കുന്ന മുറയ്ക്ക് മാത്രമേ എത്ര കുടുംബങ്ങളുണ്ടെന്ന് പറയാൻ കഴിയുകയുള്ളൂ.

ബി.പി.എൽ. ലിസ്റ്റ്

162(454) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ:

(ബി) എത്ര കുടുംബങ്ങളാണ് ലിസ്റ്റിൽ ഉൾപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ:

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ:

(ഡി) മാനദണ്ഡത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ ഏത് തരത്തിലുള്ള മാറ്റമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2009 മേയ്-ജൂൺ മാസങ്ങളിൽ നടന്ന ബി.പി.എൽ. സർവ്വേ അനുസരിച്ച് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെയും വെയിറ്റേജ് മാർക്കിന്റെയും അടിസ്ഥാനത്തിലാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടത്. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പരിഗണനയിലാണ്. മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന മുറയ്ക്ക് ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായ ശേഷമേ എത്ര കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(സി) മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ഡി) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പറയാൻ കഴിയുകയില്ല.

ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ നടപടി

163(455) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ വർഷങ്ങളായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

25-11-2005-ലെ സഉ(പി) നമ്പർ 501/2005/ഫിൻ, 9-2-2010-ലെ സഉപി(പി) നമ്പർ 61/2010/ഫിൻ എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അർഹരായ പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾ

164(456) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിപ്പാലം മുതൽ ഐരാണിമുട്ടം വരെയുള്ള ബണ്ടു റോഡിൽ കടകളും ഗോഡൗണുകളും അനധികൃതമായി നിർമ്മിച്ചതിനെതിരെ മുനിസിപ്പാലിറ്റി സെക്ഷൻ 406(1)(2) എന്നിവ പ്രകാരം എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം കോർപ്പറേഷൻ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയതിൽ എത്ര അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അനധികൃത ഗോഡൗണുകളും വർക്ക്ഷോപ്പുകളും ഉണ്ടാക്കുന്ന മാലിന്യപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃത കെട്ടിടനിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly